സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 204 2024 ഡിസംബർ 03 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഹിന്ദു സന്യാസിയുടെ അഭിഭാഷകൻ ക്രൂര മർദനമേറ്റ് ഗുരുതരാവസ്ഥയിൽ

ധാക്ക: അറസ്റ്റിലായ ഹിന്ദു സന്യാസി ചിന്മയ് കൃഷ്ണ ദാസ് ബ്രഹ്മചാരിക്കുവേണ്ടി കോടതിയിൽ ഹാജരാകേണ്ട അഭിഭാഷകൻ രമൺ റോയി ഗുരുതരാവസ്ഥയിൽ. ചിന്മയ് കൃഷ്ണ ദാസിന്റെ ജാമ്യാപേക്ഷ ഇന്ന് മെട്രോപൊളിറ്റൻ സെഷൻസ് കോടതി പരിഗണിക്കാനിരിക്കെയാണ് സംഭവം. ബംഗ്ലാദേശിലെ മതമൗലികവാദികൾ അഭിഭാഷകന്റെ വീട്ടിൽ കയറി അദ്ദേഹത്തെ ക്രൂരമായി ആക്രമിക്കുകയായിരുന്നു.ഇപ്പോൾ തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന അഭിഭാഷകൻ ജീവനുവേണ്ടി പോരാടുകയാണെന്ന് ഇസ്കോൺ (ഇന്റർനാഷണൽ സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നസ്) ഇന്ത്യ പ്രതികരിച്ചു. ഇസ്കോൺ ഇന്ത്യയുടെ വൈസ് പ്രസിഡന്റ് രാധാരമൺ ദാസ് അഭിഭാഷകന്റെ ചിത്രം എക്സിലൂടെ പുറത്തുവിട്ടിരുന്നു.

ഒരുമിച്ച് പഠനം ആരംഭിച്ചിട്ട് ഒന്നരമാസം, ഒരുരാത്രികൊണ്ട് നഷ്ടമായത് 5 പേരെ; പൊട്ടിക്കരഞ്ഞ് സഹപാഠികൾ

ആലപ്പുഴ: വാഹനാപകടത്തിൽ 5മെഡിക്കൽ വിദ്യാർഥികളുടെ ജീവൻ പൊലിഞ്ഞതിന്റെ ഞെട്ടൽ മാറാതെ ബന്ധുക്കളും നാട്ടുകാരും സഹപാഠികളും. ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജിലെ ആദ്യവർഷ വിദ്യാർഥികളായ 5പേരാണ് കഴിഞ്ഞദിവസം ദേശീയപാതയിൽ കളർകോട് ചങ്ങനാശ്ശേരി മുക്കിനു സമീപമുണ്ടായ വാഹനാപകടത്തിൽ മരിച്ചത്. വിദ്യാർഥികൾ സഞ്ചരിച്ച കാർ നിയന്ത്രണംവിട്ട് കെ.എസ്.ആർ.ടി.സി. ബസ്സിലേക്ക് ഇടിച്ചുകയറിയായിരുന്നു അപകടം.

കോട്ടയം പൂഞ്ഞാർ ചേന്നാട് കരിങ്ങോഴക്കൽ ഷാജിയുടെ മകൻ ആയുഷ് ഷാജി (19), പാലക്കാട് കാവുസ്ട്രീറ്റ് ശേഖരപുരം ശ്രീവിഹാറിൽ കെ.ടി. ശ്രീവത്സന്റെ മകൻ ശ്രീദീപ് വത്സൻ (19), മലപ്പുറം കോട്ടയ്ക്കൽ ചീനംപുത്തൂർ ശ്രീവൈഷ്ണവത്തിൽ എ.എൻ. ബിനുരാജിന്റെ മകൻ ബി. ദേവാനന്ദൻ (19), കണ്ണൂർ വേങ്ങര മാടായി മുട്ടം പാണ്ട്യാല വീട്ടിൽ മുഹമ്മദ് അബ്ദുൾ ജബ്ബാർ (19), ലക്ഷദ്വീപ് ആന്ത്രോത്ത് ദ്വീപ് പാക്രിച്ചിയപുര വീട്ടിൽ പി. മുഹമ്മദ് നസീറിന്റെ മകൻ മുഹമ്മദ് ഇബ്രാഹിം (19) എന്നിവരാണു മരിച്ചത്. അപകടത്തിൽ പരിക്കേറ്റ ആറുവിദ്യാർഥികൾ ചികിത്സയിലാണ്.

ശ്രീദീപ് വത്സൻ ആയുഷ് ഷാജി മുഹമ്മദ് ഇബ്രാഹിം ദേവാനന്ദൻ ബി മുഹമ്മദ് അബ്ദുൾ ജബ്ബാർ

'സൈലന്റ് പയ്യനായിരുന്നു, ലക്ഷദ്വീപിന് മൊത്തം ഷോക്കായി'

ആലപ്പുഴയിലെ വാഹനാപകടത്തിൽ മരിച്ചവരിൽ ലക്ഷദ്വീപ് സ്വദേശിയും ഉൾപ്പെട്ടതായുള്ള വാർത്ത ഞെട്ടലോടെയാണ് ദ്വീപ് സമൂഹം കേട്ടത്. ആന്ത്രോത്ത് ദ്വീപിലെ പാക്രിച്ചിയപുര വീട്ടിൽ പി. മുഹമ്മദ് നസീറിന്റെ മകൻ മുഹമ്മദ് ഇബ്രാഹിം (19) ആണ് അപകടത്തിൽ മരിച്ച ലക്ഷദ്വീപ് സ്വദേശി. അപകടവിവരമറിഞ്ഞയുടൻ മുഹമ്മദ് ഇബ്രാഹിമിന്റെ കേരളത്തിലുള്ള കുടുബസുഹൃത്തുക്കളും നാട്ടുകാരായ ചിലരും ആലപ്പുഴയിലേക്ക് ഓടിയെത്തി. ഇബ്രാഹിമിന്റെ മരണം ലക്ഷദ്വീപിന് മൊത്തം ഷോക്കായെന്നായിരുന്നു ആലപ്പുഴ മെഡിക്കൽ കോളേജിലെത്തിയ ഒരു കുടുംബസുഹൃത്ത് പ്രതികരിച്ചത്.

"ഒരുമാസമേ ആയിട്ടുള്ളൂ അവൻ ജോയിൻ ചെയ്ത്ട്ട്. കുടുംബത്തിന്റെ പ്രതീക്ഷയായിരുന്നു അവൻ. കുടുംബത്തിലെ മൂത്ത കുട്ടിയായിരുന്നു. ഇളയകുട്ടി മൂന്നാംക്ലാസിൽ പഠിക്കുകയാണ്. നല്ല ഉയർന്ന മാർക്കോടെയാണ് എം.ബി.ബി.എസ്. പഠനത്തിനെത്തിയത്. ഒരു സൈലന്റ് പയ്യനായിരുന്നു. അവന്റെ മരണം ലക്ഷദ്വീപിന് മൊത്തം ഷോക്കായി", അദ്ദേഹം പറഞ്ഞു.

ഇബ്രാഹിമിന്റെ മാതാപിതാക്കൾ ചൊവ്വാഴ്ച രാവിലെ ആന്ത്രോത്ത് ദ്വീപിൽനിന്ന് ഹെലികോപ്ടർ മാർഗം അഗത്തിയിലെത്തും. അവിടെനിന്ന് വിമാന മാർഗം കൊച്ചിയിലേക്ക് തിരിക്കും. മാതാപിതാക്കൾ എത്തിയ ശേഷം എറണാകുളത്തായിരിക്കും ഇബ്രാഹിമിന്റെ കബറടക്കമെന്നും ബന്ധുക്കളും കുടുംബ സുഹൃത്തുക്കളും അറിയിച്ചു.

ഒരുമിച്ച് പഠിക്കാൻ തുടങ്ങിയിട്ട് ഒന്നരമാസം, പൊട്ടിക്കരഞ്ഞ് സഹപാഠികൾ

ഒരുരാത്രി കൊണ്ട് 5സഹപാഠികളെ നഷ്ടമായതിന്റെ വേദനയിലാണ് ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജിലെ ആദ്യവർഷ എം.ബി.ബി.എസ്. വിദ്യാർഥികൾ. കോളേജിൽ ഇവരെല്ലാം ഒരുമിച്ച് പഠനം ആരംഭിച്ചിട്ട് കഷ്ടിച്ച് ഒന്നരമാസം ആകുന്നേയുള്ളൂ. കളിയും ചിരിയും പഠനവുമായി ഇനിയുള്ള 5വർഷക്കാലം 128-ാം ബാച്ചിന്റെ ഒപ്പമുണ്ടാകേണ്ടിയിരുന്ന 5പേരെയാണ് വാഹനാപകടം തട്ടിയെടുത്തത്. അപകടത്തിൽ പരിക്കേറ്റ മറ്റ് സഹപാഠികൾ ഇപ്പോഴും ചികിത്സയിലാണ്.

അപകടവിവരമറിഞ്ഞതിന് പിന്നാലെ സഹപാഠികളും കോളേജിലെ മറ്റുവിദ്യാർഥികളും ആലപ്പുഴ വണ്ടാനം ടി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിന് മുന്നിലേക്ക് കുതിച്ചെത്തി. പ്രിയപ്പെട്ടവരെ മരണം തട്ടിയെടുത്തെന്ന വിവരമറിഞ്ഞതോടെ പലർക്കും നിയന്ത്രണംനഷ്ടമായി. പരസ്പരം കെട്ടിപ്പിടിച്ച് പൊട്ടിക്കരയുകയും മുഖംകുനിച്ചിരുന്ന് തേങ്ങുന്നവരുടെയും കാഴ്ചകൾ മറ്റുള്ളവരെയും കണ്ണീരിലാഴ്ത്തി. അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവരെല്ലാം നിലവിൽ ഐ.സി.യു.വിലാണുള്ളത്. ഈ ഐ.സി.യു.വിന് മുന്നിലും പ്രതീക്ഷയോടെ അവരുടെ സഹപാഠികളുമുണ്ട്.

മുഖ്യമന്ത്രി അനുശോചിച്ചു

കളർകോട് വാഹനാപകടത്തിൽ 5മെഡിക്കൽ വിദ്യാർത്ഥികൾ മരണപ്പെട്ട സംഭവം അത്യന്തം വേദനാജനകമാണെന്ന് മുഖ്യമന്ത്രി സന്ദേശത്തിൽ പറഞ്ഞു. മരണപ്പെട്ടവരുടെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

ചേതനയറ്റ് അവസാനമായി അവരെത്തി, വിങ്ങിപ്പൊട്ടി സഹപാഠികൾ; ഉള്ളുലഞ്ഞ് മെഡി. കോളേജ് കാമ്പസ്

ആലപ്പുഴ: കളർകോട് വാഹനാപകടത്തിൽ മരിച്ച അഞ്ച് മെഡിക്കൽ വിദ്യാർഥികൾക്കും സഹപാഠികളുടെയും അധ്യാപകരുടെയും യാത്രാമൊഴി. ചേതനയറ്റനിലയിൽ അവർ അഞ്ചുപേരും വീണ്ടും ആലപ്പുഴ ടി.ഡി മെഡിക്കൽ കോളേജ് കാമ്പസിലെത്തിയപ്പോൾ അവരെ അവസാനമായി കാണാൻ കാത്തിരുന്ന സഹപാഠികളും വിങ്ങിപ്പൊട്ടി.

ഇന്ന് ഉച്ചയ്ക്ക് 12 മണിയോടെയാണ് പോസ്റ്റ്മോർട്ടം പൂർത്തിയാക്കി അഞ്ച് വിദ്യാർഥികളുടെയും മൃതദേഹങ്ങൾ മെഡിക്കൽ കോളേജ് കാമ്പസിലേക്ക് കൊണ്ടുവന്നത്. മെഡിക്കൽ കോളേജിലെ സെൻട്രൽ ലൈബ്രറി ഹാളിലാണ് പൊതുദർശനം.

വിദ്യാർഥികൾക്കും അധ്യാപകർക്കും മൃതദേഹങ്ങൾ അവസാനമായി കാണാനാണ് ഇവിടെ സൗകര്യമൊരുക്കിയിരിക്കുന്നത്. കോളേജിലെ പൊതുദർശനം പൂർത്തിയാക്കിയ ശേഷം അഞ്ചുപേരുടെയും മൃതദേഹങ്ങൾ സ്വദേശങ്ങളിലേക്ക് കൊണ്ടുപോകും. ലക്ഷദ്വീപ് സ്വദേശിയായ വിദ്യാർഥിയുടെ കബറടക്കം എറണാകുളത്തായിരിക്കും.

മന്ത്രിമാരായ വീണാ ജോർജ്, സജി ചെറിയാൻ, പി. പ്രസാദ് തുടങ്ങിയവർ ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്തിയിരുന്നു. മൃതദേഹങ്ങൾ അവരവരുടെ നാട്ടിലേക്ക് കൊണ്ടുപോകാനായി ആംബുലൻസുകൾ സജ്ജമാണെന്നും പോലീസ് അകമ്പടിയോടെയായിരിക്കും ആംബുലൻസുകൾ പോവുകയെന്നും അതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നും മന്ത്രി പി.പ്രസാദ് പറഞ്ഞു.

ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജിലെ ആദ്യവർഷ വിദ്യാർഥികളായ അഞ്ചുപേരാണ് കഴിഞ്ഞദിവസം ദേശീയപാതയിൽ കളർകോട് ചങ്ങനാശ്ശേരി മുക്കിനു സമീപമുണ്ടായ വാഹനാപകടത്തിൽ മരിച്ചത്. വിദ്യാർഥികൾ സഞ്ചരിച്ച കാർ നിയന്ത്രണംവിട്ട് കെ.എസ്.ആർ.ടി.സി. ബസ്സിലേക്ക് ഇടിച്ചുകയറിയായിരുന്നു അപകടം.

അഞ്ചുവിദ്യാർഥികളുടെയും മൃതദേഹം മെഡി. കോളേജ് ലൈബ്രറി ഹാളിൽ പൊതുദർശനത്തിന് വെച്ചപ്പോൾ(ഇടത്ത്) മൃതദേഹങ്ങൾ കാമ്പസിലെത്തിച്ചപ്പോൾ വിങ്ങിപ്പൊടുന്ന വിദ്യാർഥിനി(വലത്ത്)

'ബ്രേക്ക് ചവിട്ടിയപ്പോൾ സ്കിഡായി കാണും, എനിക്ക് മാക്സിമം ഒതുക്കാൻ പറ്റുന്ന രീതിയിൽ ബസ് ഒതുക്കി'; ഡ്രൈവർ രാജീവ്

ആലപ്പുഴ: കാറും കെഎസ് ആർടിസി ബസും കൂട്ടിയിടിച്ച് അഞ്ച് മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ മരിച്ച അപകടത്തിന് കാരണം മഴ കാരണം വാഹനം സ്കിഡായാതാണെന്ന് കെഎസ്ആർടിസി ഡ്രൈവർ രാജീവ്. കാർ ബ്രേക്ക് ചവിട്ടിയപ്പോൾ സ്കിഡ് ചെയ്ത് ബസിന് അടിയിലേക്ക് വരുകയായിരുന്നു. ഈ സമയത്ത് മറ്റ് വാഹനങ്ങൾ ഒന്നും സമീപത്തുണ്ടായിരുന്നില്ലെന്നും കെ എസ് ആർടിസി ബസ് ഡ്രൈവർ പറഞ്ഞു.

'അപകടം നടന്നയുടൻ ആളുകൾ എല്ലാം ഓടിയെത്തി. ബസ് കുറച്ച് റിവേഴ്സ് എടുത്തതിന് ശേഷമാണ് രക്ഷാപ്രവർത്തനം ആരംഭിച്ചത്. വണ്ടി വരുന്നത് കണ്ടതോടെ എനിക്ക് മാക്സിമം ഒതുക്കാൻ പറ്റുന്ന രീതിയിൽ ബസ് ഒതുക്കി. എന്നാൽ കാർ നേരെ വന്ന് കേറുകയായിരുന്നു. സൈഡിൽ ഒരു പോസ്റ്റ് ഉണ്ടായിരുന്നതിനാൽ കൂടുതൽ താഴേക്ക് ഇറക്കാൻ സാധിച്ചില്ല. ബസിലും യാത്രക്കാർ ഉണ്ടായിരുന്നു. അവരുടെ കാര്യവും നോക്കേണ്ടെ. നല്ല മഴയുണ്ടായിരുന്നു. അതുകൊണ്ടാവാം അവർക്ക് എതിരെ വന്ന വാഹനം കാണാൻ സാധിച്ചെന്ന് വരില്ല'- രാജീവ് പറഞ്ഞു. കെഎസ്ആർടിസി കായംകുളം ഡിപ്പോയിലെ ജീവനക്കാരനാണ് ഇദ്ദേഹം.

കാറിലുണ്ടായിരുന്ന ഗൗരീശങ്കർ, കൃഷ്ണദേവ്, ആൽവിൻ എന്നിവരെ ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ ആൽവിന്റെ നില അതീവ ഗുരുതരമായതോടെ ഇയാളെ വെന്റിലേറ്ററിലേക്ക് മാറ്റി.

ഇന്നലെ രാത്രി 9.30 ഓടെ കളർകോട് ചങ്ങനാശേരി മുക്കിലായിരുന്നു അപകടം. ഗുരുവായൂരിൽ നിന്ന് കായംകുളത്തേക്ക് വരികയായിരുന്ന ഫാസ്റ്റ് പാസഞ്ചറും വണ്ടാനം ഭാഗത്തുനിന്നു ആലപ്പുഴ ഭാഗത്തേക്ക് വരികയായിരുന്ന ടവേര കാറുമാണ് കൂട്ടിയിടിച്ചത്. നിശ്ശേഷം തകർന്ന കാറിന്റെ മുൻസീറ്റിലുണ്ടായിരുന്ന മൂന്നുപേരും പിൻസീറ്റിലുണ്ടായിരുന്ന രണ്ടുപേരുമാണ് മരിച്ചത്.

മെഡിക്കൽ കോളേജിൽ നിന്ന് ആലപ്പുഴയിൽ സിനിമയ്ക്കായി കാറിൽ വരികയായിരുന്നു പതിനൊന്നംഗ സംഘമെന്നാണ് ലഭിക്കുന്ന വിവരം. കാറോടിച്ചിരുന്ന ഗൗരീശങ്കറിന്റെ കാലൊടിഞ്ഞിട്ടുണ്ട്. കാറിലുണ്ടായിരുന്ന മറ്റ് സഹപാഠികളായ കൃഷ്ണദേവ്, മുഹ്സീൻ,സെയ്ൻ,ആനന്ദ് എന്നിവരെയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. ഇവരുടെയും ആരുടെയും നില ഗുരുതരമല്ല.

ആന എഴുന്നള്ളിപ്പിൽ പൂർണത്രയീശ ക്ഷേത്ര ഭരണസമിതിക്കെതിരെ കേസെടുത്തു

കൊച്ചി: ആനകളുടെ എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറത്തിറക്കിയ മാനദണ്ഡങ്ങൾ പാലിക്കാത്ത തൃപ്പൂണിത്തുറ പൂർണത്രയീശ ക്ഷേത്ര ഭരണസമിതിക്കെതിരെ കേസെടുത്തു. ക്ഷേത്രോത്സവത്തിനിടെ ഹൈക്കോടതി മാനദണ്ഡങ്ങൾ പാലിച്ചില്ലെന്ന കണ്ടെത്തലിനെ തുടർന്ന് വനംവകുപ്പാണ് കേസെടുത്തത്. ആനകൾ തമ്മിലുള്ള അകലം മൂന്നു മീറ്റർ ഉണ്ടായിരുന്നില്ലെന്നും ആളുകളും ആനയുമായുള്ള എട്ടുമീറ്റർ അകലം പാലിച്ചില്ലെന്നും വനംവകുപ്പ് പരിശോധനയിൽ കണ്ടെത്തി.

ആനകളുടെ സമീപത്തുകൂടി തീവെട്ടിയുമായി പോയെന്നും ഇക്കാര്യത്തിലും അഞ്ച് മീറ്റർ അകലം പാലിച്ചില്ലെന്നും വനംവകുപ്പ് അറിയിച്ചു. വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് കേസെടുത്തത്. നാട്ടാനകളുടെ പരിപാലന ചുമതല നൽകിയിരിക്കുന്നത് വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിനാണ്. എന്നാൽ രാത്രി മഴ പെയ്തതിനാലാണ് ആനകളെ ചേർത്തുനിർത്തേണ്ടിവന്നതെന്നാണ് ക്ഷേത്രഭാരവാഹികളുടെ വിശദീകരണം.

മലങ്കര സഭാതർക്കം: 6 പള്ളികളുടെ ഭരണം ഓർത്തഡോക്സ് സഭക്ക്; സർക്കാരിനെ ഇടപെടുത്തരുതെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: ഓർത്തോഡോക്സ് യാക്കോബായ തർക്കത്തിൽ സുപ്രധാനമായ നിർദേശവുമായി സുപ്രീം കോടതി. തർക്കത്തിലുള്ള എറണാകുളം, പാലക്കാട് ജില്ലകളിലായുള്ള ആറ് പള്ളികളുടെ ഭരണം ഓർത്തോഡോക്സ് വിഭാഗത്തിന് കൈമാറാൻ സുപ്രീം കോടതി യാക്കോബായ സഭയോട് നിർദേശിച്ചു. അതേസമയം പള്ളികളിലെ സെമിത്തേരി, സ്കൂളുകൾ എന്നിവ ഉൾപ്പടെയുള്ള പൊതു സംവിധാനങ്ങളിൽ ഒരുവിഭാഗത്തിൽ പെട്ടവരെയും വിലക്കരുതെന്ന് സുപ്രീം കോടതി ഓർത്തോഡോക്സ് വിഭാഗത്തിന് നിർദേശംനൽകി.

മലങ്കര സഭയ്ക്കു കീഴിലുള്ള പള്ളികൾ 1934ലെ ഭരണഘടന അനുസരിച്ചു വേണം ഭരണം നടത്തേണ്ടതെന്ന 2017-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് നിർദേശം നൽകുന്നതെന്ന് ജസ്റ്റിസുമാരായ സൂര്യകാന്ത്, ഉജ്ജ്വൽ ഭുയാൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. 2017-ലെ വിധിക്കു ശേഷം നൽകിയ പല പ്രത്യേക അനുമതി ഹർജികളും സുപ്രീം കോടതിയുടെ പരിഗണനയിലാണെന്ന് യാക്കോബായ സഭയ്ക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകരായ രഞ്ജിത്ത് കുമാർ, സി.യു. സിങ് എന്നിവർ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. എന്നാൽ, 2017-ലെ വിധി നടപ്പാക്കാൻ തയാറാകാത്ത യാക്കോബായ വിഭാഗം കോടതിയലക്ഷ്യം ചെയ്തെന്ന് ബെഞ്ച് ചൂണ്ടിക്കാട്ടി. യാക്കോബായ സഭയുടെ ആവശ്യങ്ങൾ കേൾക്കാണമെങ്കിൽ പള്ളികളുടെ ഭരണം ഓർത്തോഡോക്സ് വിഭാഗത്തിന് കൈമാറണമെന്ന് സുപ്രീം കോടതി നിർദേശിച്ചു.

6 പള്ളികളുടെ ഭരണം കൈമാറിയെന്ന സത്യവാങ്മൂലം രണ്ടാഴ്ചയ്ക്കുള്ളിൽ യാക്കോബായ സഭ സുപ്രീം കോടതിക്ക് കൈമാറണം. മലങ്കര സഭാതർക്കവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സൗഹൃദപരമായി പരിഹരിക്കാനാണ് സുപ്രീം കോടതി ഉദ്ദേശിക്കുന്നതെന്ന് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു.

ഓർത്തോഡോക്സ് യാക്കോബായ തർക്കത്തിലുള്ള പള്ളികളുടെ ഭരണം ഏറ്റെടുക്കാൻ പോലീസിനെ അയക്കുന്നതിനെ വിമർശിച്ച് സുപ്രീം കോടതി. പള്ളികൾ മത സ്ഥാപനങ്ങളാണ്. അവിടേക്ക് പോലീസിനെ അയക്കുന്നതിനോട് യോജിക്കുന്നില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കി. ഇത്തരം കാര്യങ്ങളിൽ പോലീസിന്റെ ഇടപെടൽ ആവശ്യപ്പെടരുതെന്ന് ഓർത്തോഡോക്സ് സഭയ്ക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകരോട് സുപ്രീം കോടതി നിർദേശിച്ചു. സർക്കാർ ഭരണം ഏറ്റെടുത്ത് നൽകണമെന്ന് ആവശ്യപ്പെടുന്നവർ പള്ളികളുടെ കണക്കുകൾകൂടി സർക്കാരിനെ ഏൽപ്പിക്കാൻ തയ്യാറാകണമെന്നും സുപ്രീം കോടതി അഭിപ്രായപ്പെട്ടു.

തർക്കത്തിലുള്ള പള്ളികളുടെ ഭരണം ഏറ്റെടുത്ത് ഓർത്തോഡോക്സ് വിഭാഗത്തിന് നൽകാത്തതിനെതിരെ മുൻ ചീഫ് സെക്രട്ടറി ഡോ വി വേണു, പോലീസ് മേധാവി ഷേഖ് ദർവേഷ് സാഹിബ്, അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, ഐ ജി സെൻട്രൽ സോൺ നീരജ് കുമാർ ഗുപ്ത, എറണാകുളം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് കുമാർ, എറണാകുളം റൂറൽ എസ് പി വിവേക് കുമാർ, പാലക്കാട് കളക്ടർ എസ് ചിത്ര, പാലക്കാട് എസ് പി ആർ ആനന്ദ് തുടങ്ങി 2 ഡസനോളം ഉദ്യോഗസ്ഥർക്കെതിരെയാണ് കേരള ഹൈക്കോടതി കോടതിയലക്ഷ്യ നടപടി ആരംഭിച്ചത്. ഈ നടപടി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടാണ് ഇവർ സുപ്രീം കോടതിയെ സമീപിച്ചത്. കോടതിയലക്ഷ്യ നടപടികളിൽ ഹൈക്കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്ന് ഈ ഉദ്യോഗസ്ഥരെ സുപ്രീം കോടതി ഒഴിവാക്കി.

സംസ്ഥാന സർക്കാരിനുവേണ്ടി സ്റ്റാന്റിങ് കോൺസൽ സി.കെ ശശി, അഭിഭാഷക മീന കെ. പൗലോസ് എന്നിവർ ഹാജരായി. ഓർത്തോഡോക്സ് സഭയ്ക്ക് വേണ്ടി സീനിയർ അഭിഭാഷകരായ കെ.കെ വേണുഗോപാൽ, സി.യു സിങ്, കൃഷ്ണൻ വേണുഗോപാൽ, അഭിഭാഷകൻ ഇ.എം.എസ് അനാം എന്നിവർ ഹാജരായി. യാക്കോബായ സഭയ്ക്ക് വേണ്ടി സീനിയർ അഭിഭാഷകരായ രഞ്ജിത്ത് കുമാർ, ശ്യാം ദിവാൻ, അഭിഭാഷകരായ എ. രഘുനാഥ്, സനന്ദ് രാമകൃഷ്ണൻ എന്നിവരാണ് ഹാജരായത്.

കെട്ടിടത്തിന് തീയിട്ട് മുൻ ആൺസുഹൃത്തടക്കം 2പേരെ കൊന്നു; നടി നർഗീസ് ഫക്രിയുടെ സഹോദരി അറസ്റ്റിൽ

ന്യൂയോർക്ക്: കെട്ടിടത്തിന് തീയിട്ട് 2പേരെ കൊലപ്പെടുത്തിയ സംഭവത്തിൽ നടിയും മോഡലുമായ നർഗീസ് ഫക്രിയുടെ സഹോദരി ആലിയ ഫക്രി(43) യു.എസിൽ അറസ്റ്റിൽ. മുൻ ആൺസുഹൃത്തായ എഡ്വേർഡ് ജേക്കബ്സ്(35), ഇയാളുടെ സുഹൃത്ത് അനസ്താസിയ എറ്റിനി(33) എന്നിവരെ കൊലപ്പെടുത്തിയ കേസിലാണ് ആലിയ അറസ്റ്റിലായത്.

നവംബർ 2നായിരുന്നു കേസിനാസ്പദമായ സംഭവം. മുൻ ആൺസുഹൃത്തായ ജേക്കബ്സും സുഹൃത്തും താമസിക്കുന്ന ഗ്യാരേജ് കെട്ടിടത്തിലെത്തിയ യുവതി 'ഇന്ന് നിങ്ങളെല്ലാം മരിക്കാൻ പോവുകയാണെന്ന്' പറഞ്ഞ് തീയിടുകയായിരുന്നു. കെട്ടിടത്തിന് മുകൾനിലയിൽ താമസിച്ചിരുന്ന ജേക്കബ്സ് സംഭവസമയം ഉറങ്ങുകയായിരുന്നു. കെട്ടിടത്തിന് തീപിടിച്ചതറിഞ്ഞ് എറ്റിനി മുകൾനിലയിൽനിന്ന് താഴേക്ക് വന്നെങ്കിലും ഉറങ്ങുകയായിരുന്ന ജേക്കബ്സിനെ രക്ഷിക്കാനായി വീണ്ടും മുകളിലേക്ക് പോയി. എന്നാൽ, അതിനകം കെട്ടിടത്തിൽ തീ ആളിപ്പടർന്ന് ഇരുവരും കുടുങ്ങിപ്പോവുകയും പൊള്ളലേറ്റ് മരണം സംഭവിക്കുകയുമായിരുന്നു.

ഒരുവർഷം മുൻപ് ജേക്കബ്സ് ആലിയയുമായുള്ള സൗഹൃദം ഉപേക്ഷിച്ചിരുന്നതായാണ് റിപ്പോർട്ട്. എന്നാൽ, യുവതി ഇത് അംഗീകരിക്കാൻ കൂട്ടാക്കിയില്ല.



സൗഹൃദത്തിൽനിന്ന് പിന്മാറിയതിന്റെ പകയാണ് ആക്രമണത്തിലേക്ക് നയിച്ചതെന്നാണ് റിപ്പോർട്ടുകളിൽ പറയുന്നത്. ജേക്കബ്സിന്റെ വീടിന് തീയിടുമെന്ന് യുവതി നേരത്തെ ഭീഷണിപ്പെടുത്തിയതായി സാക്ഷിമൊഴികളുമുണ്ട്.

പ്ലംബറായി ജോലിചെയ്യുന്ന മകൻ ഗ്യാരേജ് കെട്ടിടം അപ്പാർട്ട്മെന്റായി മാറ്റുന്ന പ്രവൃത്തിയിലായിരുന്നുവെന്ന് ജേക്കബ്സിന്റെ മാതാവ് ജാനറ്റ് മാധ്യമങ്ങളോട് പ്രതികരിച്ചു. ഒരുവർഷം മുൻപ് ജേക്കബ്സ് ആലിയയുമായുള്ള ബന്ധം വേർപിരിഞ്ഞിരുന്നു. എന്നാൽ, ആലിയ ഇത് അംഗീകരിക്കാൻ സമ്മതിച്ചില്ലെന്നും ജാനറ്റ് പറഞ്ഞു.

അതേസമയം, മകൾ കൊലപാതകം ചെയ്തതായി വിശ്വസിക്കാനാകുന്നില്ലെന്ന് ആലിയ ഫക്രിയുടെ മാതാവും പ്രതികരിച്ചു. എല്ലാവരെയും സഹായിക്കാൻ ശ്രമിക്കുന്ന വ്യക്തിയാണ് ആലിയയെന്നും മാതാവ് പറഞ്ഞു.

ആലിയയുടെ സഹോദരി നർഗീസ് ഫക്രി നടിയും മോഡലുമാണ്. അമേരിക്കയിൽ മോഡലിങ് രംഗത്ത് തിളങ്ങിയ നർഗീസ് ഫക്രി 2011-ൽ 'റോക്സ്റ്റാർ' എന്ന സിനിമയിലൂടെയാണ് ബോളിവുഡിൽ അരങ്ങേറ്റം കുറിച്ചത്.

COURT NOTICE

BEFORE THE HON'BLE MOTOR ACCIDENTS CLAMES TRIBUNAL, THRISSUR

OP (MV) No. 924/2017, EP: 117/2024

Shahu T.P., S/o. Beeru, Theruvath Peediyekkal House, Thiruvathramoottil, P.O Thiruvathra, Chavakkad, Thrissur

-Petitioner

Abdul Hameed, aged 68 years, S/o. Muhammed, Nalakath House, Venmenad P.O., Chavakkad, Thrissur

- Respondent

Notice to the J D are in OP (MV) No: 924/2017 in EP: 117/2024 affix on the Honurable MACT Court Thrissur and Respondent's residence which is posted to **21-12-2024.** You are hereby directed to appear before Court on 21-12-2024 at 11.00 am personally or through advocate in case you have any objection failing of which the case will be heard and decided in your absence.

Date this the day of 30th November 2024

FRANCIS KURIAN (S/d)

Advocate for Petitioner.

കോടതി പരസ്യം

ബഹു. ഇരിഞ്ഞാലക്കുട മുൻസിഫ് കോടതി മുമ്പാകെ

POP: 11/2020, RP: 89/2024

മുകുന്ദപുരം താലൂക്ക്, കല്ലൂർ വില്ലേജ്, ഞള്ളൂർ ദേശത്ത്, പി ഒ കല്ലൂർ, പിൻ-680317, ചുണ്ടേലപറമ്പിൽ വീട്ടിൽ മാധവൻ മകൻ 56 വയസ് ബാബു

-ഹരജിക്കാരൻ/വാദി

മുകുന്ദപുരം താലൂക്ക്, കല്ലൂർ വില്ലേജ്, നായരങ്ങാടി ദേശത്ത്, പി ഒ കല്ലൂർ, പിൻ-680317, വട്ടക്കുഴി വീട്ടിൽ പൗലോസ് മകൻ 53 വയസ് ഫ്രീജോ

-എതൃകക്ഷി/പ്രതി

മേൽ നമ്പറിൽ ഭാഗ നിവൃത്തിക്കായുള്ള കേസിലെ പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **08-01-2025** തിയ്യതിക്ക് വിചാരണക്ക് വെ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

'ഹോളിഡേ ബസാർ 2024 സെയിൽസ് എക്സിബിഷന്റെ പോസ്റ്റർ പ്രകാശനം'

ഇരിങ്ങാലക്കുട ലയൺ ലേഡി ക്ലബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'ഹോളിഡേ ബസാർ 2024' ക്രിസ്മസ്സ് സെയിൽസ് എക്സിബിഷന്റെ ഔദോഗിക പോസ്റ്റർ പ്രകാശന ചടങ്ങ് ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയി നിർവ്വഹിച്ചു.

2024 ഡിസംബർ 07, 08 ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 09.00 മണി മുതൽ വൈകീട്ട് 09.00 മണി വരെ ഇരിങ്ങാലക്കുട ലയൺസ് ക്ലബ് ഹാളിൽ വെച്ച് സംഘടിപ്പിക്കുന്ന ക്രിസ്മസ്സ് സെയിൽസ് എക്സിബിഷനിൽ, കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നുള്ള പ്രഗൽഭരിൽ നിന്നും, അമ്പതിൽപരം സ്റ്റാളുകളിൽ, സ്ത്രീകളുടെയും കുട്ടികളുടെയും വസ്ത്രങ്ങൾ, ക്രിസ്മസ്സ് ഹോം ഡെക്കോർ വസ്തുക്കൾ, ഇൻഡോർ പ്ലാൻറ്സ്, ക്രോച്ചെറ്റുൽപ്പന്നങ്ങൾ, ഇമിറ്റേഷൻ ആഭരണങ്ങൾ, കുട്ടികൾക്കായുള്ള ക്രിസ്മസ്സ് വർക്ക് ഷോപ്പ്സ്, രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾ തുടങ്ങിയവയുടെ പ്രദർശനവും വിൽപ്പനയും ഉണ്ടായിരിക്കുന്നതാണ്.

എക്സിബിഷന്റെ ഔദോഗിക ഉൽഘാടനകർമ്മം 2024 ഡിസംബർ 07 ശനിയാഴ്ച്ച രാവിലെ 09.00 മണിക്ക് ലയൺസ് മുൻ മൾട്ടിപ്പൾ കൗൺസിൽ ചെയർപേഴ്സൺ സുഷമ നന്ദകുമാർ നിർവഹിക്കും. ഇതിൽ നിന്നും ലഭിക്കുന്ന തുക പൂർണ്ണമായും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും.

ഇരിങ്ങാലക്കുട ലയൺ ലേഡി പ്രസിഡൻറ് ഡോ.ശ്രുതി ബിജു അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി അന്ന ഡെയിൻ സ്വാഗതവും ട്രഷറർ വിന്നി ജോർജ് നന്ദിയും പറഞ്ഞു. എക്സിബിഷൻ കോർഡിനേറ്റർ ഫെനി എബിൻ, മുൻ പ്രസിഡന്റുമാരായ ദീപാ ഫ്രാൻസീസ്, അന്ന ഡെയിൻ, മെഡ്ലി റോയി, റെൻസി നിധിൻ തുങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

കലയുടെ മാമാങ്കത്തിന് ഇന്ന് തുടക്കമായി

കുന്നംകുളം : തൃശൂർ റവന്യൂ ജില്ലാ കലോത്സവത്തിന് തിരിതെളിഞ്ഞു. പ്രധാന വേദിയായി കുന്നംകുളം ടൗൺ ഹാളിൽ നഗരത്തിലെ മുഴുവൻ സ്കൂളുകളും ഉൾപ്പെടുത്തിക്കൊണ്ട് 17 വേദികളിലായാണ് മത്സരങ്ങൾ അരങ്ങേറുന്നത്. ഇന്നു മുതൽ 7-ാം തീയതി വരെ നടക്കുന്ന കലോത്സവത്തിൽ ജില്ലയിൽ നിന്നുള്ള 10000-ത്തിലധികം കുട്ടികൾ വിവിധ മത്സരങ്ങളിലായി പങ്കെടുക്കും.

ആദിവാസി നൃത്തങ്ങൾ കൂടി ഉൾപ്പെടുത്തി 5 പുതിയ ഇനങ്ങളും ഇത്തവണ മത്സരത്തിൽ ഉണ്ടാകും. കലാമേളയുടെ ഔദ്യോഗിക ഉദ്ഘാടനം ഡിസംബർ 5 വ്യാഴാഴ്ച രാവിലെ 9.30ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ടൗൺഹാളിൽ നടക്കുന്ന ചടങ്ങിൽ നിർവ്വഹിക്കും.

റവന്യൂ ജില്ലാ കലോത്സവത്തിന് തുടക്കം കുറിച്ചുകൊണ്ട് കുന്നംകുളം ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വേദി 8 ൽ ലളിതഗാന മത്സരം ആരംഭിച്ചു.

റവന്യൂ ജില്ലാ കലോത്സവം കുന്നംകുളം ബഥനി ഇംഗ്ലീഷ് സ്കൂളിൽ വേദി 7ൽ കോൽക്കളി മത്സരം നടന്നു കൊണ്ടിരിക്കുന്നു.

വിജയികൾക്കുള്ള സ്വർണ്ണക്കപ്പ് വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ഇന്ന് വൈകിട്ട് 3 മണിക്ക് കുന്നംകുളത്ത് എത്തിച്ചേരും.

വിവിധ സ്കൂളുകളിൽ നിന്നുള്ള സ്വീകരണങ്ങൾ ഏറ്റുവാങ്ങിയ ശേഷം കുന്നംകുളം ബോയ്സ് സ്കൂളിൽ വച്ച് നടക്കുന്ന ചടങ്ങിൽ സ്വർണ്ണക്കപ്പ് ഏറ്റുവാങ്ങും.ചടങ്ങിൽ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ പങ്കെടുക്കും. ഉത്സവ പ്രതീതി ജനിപ്പിക്കുന്ന അന്തരീക്ഷത്തിലാണ് കലാമേളക്ക് തുടക്കം കുറിച്ചത്.

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള

ഇരിങ്ങാലക്കുട : മലയാളനാടിന്റെ അഭിമാനങ്ങളിൽ ഒന്നാണ് എല്ലാം വർഷവും മികവുറ്റ രീതിയിൽ സംഘടിക്കപ്പെടുന്ന രാജ്യാന്തര ചലച്ചിത്രമേളയെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു. ഡിസംബർ 13 മുതൽ 20 വരെ തിരുവനന്തപുരത്ത് നടക്കുന്ന 29 - മത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ മുന്നോടിയായി നടക്കുന്ന വിളംബര ടൂറിംഗ് ടാക്കീസിന്റെ തൃശ്ശൂർ ജില്ലയിലെ ആദ്യ സ്വീകരണത്തിന്റെ ഉദ്ഘാടനം ഇരിങ്ങാലക്കുട ക്രൈസ്റ്റ് ഓട്ടോണമസ് കോളേജിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ചലച്ചിത്ര സംസ്കാരം രൂപപ്പെടുത്തി എടുക്കുന്നതിൽ ഫിലിം സൊസൈറ്റികൾക്കും ചലച്ചിത്രമേളകൾക്കും നിർണ്ണായകമായ പങ്കാണുള്ളതെന്നും എല്ലാ ക്യാംപസുകളിലും സജീവമായ ഫിലിം ക്ലബുകൾ ഉണ്ടാകേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു . ഫാ ജോസ് തെക്കൻ സെമിനാർ ഹാളിൽ നടന്ന സ്വീകരണ ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഫാ ഡോ ജോളി ആൻഡ്രൂസ് അധ്യക്ഷത വഹിച്ചു. നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് മുഖ്യാതിഥി ആയിരുന്നു കോളേജ് മാനേജർ ഫാ ജോയ് പീണിക്കപ്പറമ്പിൽ, സംസ്ഥാന ചലച്ചിത്ര അക്കാദമി എക്സിക്യൂട്ടീവ് മെമ്പർ പ്രകാശ് ശ്രീധർ, അക്കാദമി ജനറൽ കൗൺസിൽ അംഗം സിബി കെ തോമസ്, ഇരിങ്ങാലക്കുട ഫിലിം സൊസൈറ്റി രക്ഷാധികാരി പി കെ ഭരതൻമാസ്റ്റർ , ഡീൻ ഓഫ് ഇന്റർനാഷണൽ അഫേയ്ഴ്സ് ഡോ കെ ജെ വർഗ്ഗീസ് ,കൊട്ടക ഫിലിം ക്ലബ് സഹ കോർഡിനേറ്റർ പ്രൊഫ ബിബിൻ തോമസ് എന്നിവർ സംസാരിച്ചു. തുടർന്ന് അപർണ്ണ സെൻ സംവിധാനം ചെയ്ത ബംഗാളി ചിത്രമായ 'ദി ജപ്പാനീസ് വൈഫ് ' പ്രദർശിപ്പിച്ചു.

വിളംബര ടൂറിംഗ് ടാക്കീസിന് ഇരിങ്ങാലക്കുടയിൽ സ്വീകരണം

9 വയസ്സുകാരിയോട് ലൈംഗികാതിക്രമം നടത്തിയ കേസിൽ 61 കാരന് 26 വർഷം കഠിന തടവും 1,50,000 രൂപ പിഴയും

ഇരിങ്ങാലക്കുട : ഒൻപത് വയസ്സുകാരിയെ വീട്ടിൽ കയറി പീഡിപ്പിച്ച കേസിൽ ചെങ്ങാലൂർ മൂക്കുപറമ്പിൽ ഹരിദാസിനെ (61) ഇരിങ്ങാലക്കുട അതിവേഗ സ്പെഷ്യൽ കോടതി ജഡ്ജ് വിവിജ സേതുമോഹൻ 26 വർഷം കഠിന തടവിനും 1,50, 000 രൂപ പിഴ അടയ്ക്കാനും ശിക്ഷിച്ചു. 2013 ജൂണിനും 2014 ജനുവരിയ്ക്കുമിടയിലായിരുന്നു സംഭവം. പുതുക്കാട് പോലീസ് ചാർജ്ജ് ചെയ്ത കേസിൽ പ്രോസിക്യൂഷന്റെ ഭാഗത്ത് നിന്നും 21 സാക്ഷികളെയും 25 രേഖകളും 10 തൊണ്ടിമുതലുകളും ഹാജരാക്കിയിരുന്നു. പിഴ സംഖ്യ ഈടാക്കിയാൽ അതിജീവിതക്ക് നൽകാനും ഉത്തരവിലുണ്ട്. കേസിൽ പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ വിജു വാഴക്കാല ഹാജരായി. പ്രതിയെ തൃശ്ശൂർ ജില്ലാ ജയിലിലേക്ക് റിമാന്റ് ചെയ്തു.

കെട്ടിട നിർമ്മാണ കരാർ ലംഘിച്ചതിന് വിട്ടമ്മയ്ക്ക് 15 ലക്ഷം രൂപയും പലിശയും നഷ്ടപരിഹാരവും ചെലവും നൽകുവാൻ ഉത്തരവ്

തൃശൂർ: കെട്ടിട നിർമ്മാണ കരാറിൽ പറഞ്ഞതിനേക്കാൾ കൂടുതൽ സംഖ്യയും സ്വർണ്ണാഭരണങ്ങളും നൽകിയിട്ടും കരാർ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാകാത്തതിന് കരാറുകാരനോട് 15 ലക്ഷം രൂപയും 2021 മുതൽ 9 ശതമാനം പലിശയും ഒരു ലക്ഷം രൂപ നഷ്ടപരിഹാരവും ഇരുപത്തയ്യായിരം രൂപ ചെലവും നൽകുവാൻ തൃശ്ശൂർ ജില്ല തർക്ക പരിഹാര കമ്മീഷൻ ഉത്തരവിട്ടു തലപ്പിള്ളി താലൂക്ക് ആർത്താറ്റ് വില്ലേജ് മനപ്പടി ദേശത്ത് പുലിക്കോട്ടിൽ ചെറിയാൻ ഭാര്യ ജാകലിൻ തൃശ്ശൂർ താലൂക്ക് അയ്യന്തോൾ വില്ലേജ് പനഞ്ഞിക്കൽ ദേശത്ത് ചോൺ കുളങ്ങര കുഞ്ഞുണ്ണി മകൻ ഹരീഷിനെതിരെ നൽകിയ പരാതിയിലാണ് ഉത്തരവ് .

2017 ലാണ് പരാതിക്കാരിയും ഹരീഷും തമ്മിൽ കെട്ടിട നിർമ്മാണ കരാർ ഉണ്ടായത് പണം കൂടുതൽ നൽകിയിട്ടും കരാർ സമയം കഴിഞ്ഞിട്ടും കരാർ പ്രകാരം ഹരീഷ് പ്രവർത്തിക്കുക ഉണ്ടായില്ല ഹരീഷ് കരാർ പ്രകാരം പ്രവർത്തിക്കാതിരുന്നതിനാൽ ഹർജിക്കാരിക്ക് പണി തീരാത്ത വീടും സ്ഥലവും ബാങ്ക് ഇടപാട് തീർക്കുന്നതിന് വിൽക്കേണ്ടിവന്നു. ഇപ്പോൾ വാടകവീട്ടിലാണ് ഹർജിക്കാരിയും കുടുംബവും താമസിക്കുന്നത് കരാർ പ്രകാരം വീട് നിർമ്മിച്ചു നൽകാതിരുന്ന ഹരീഷ് നഷ്ടപരിഹാരം നൽകാൻ സമ്മതിച്ച് മറ്റൊരു കരാർ ഉണ്ടാക്കിയെങ്കിലും ആ കരാറും ഹരീഷ് ലംഘിച്ചു. അതിനെ തുടർന്നാണ് പരാതിക്കാരി തൃശ്ശൂർ ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ സമീപിച്ചത്. പ്രസിഡന്റ് സി ടി സാബു, അംഗങ്ങളായ ശ്രീജ എസ്, റാം മോഹൻ ആർ എന്നിവരുടെതാണ് ഉത്തരവ് ഹർജിക്കാരിക്കുവേണ്ടി അഡ്വക്കേറ്റ് മാരായ ഷാജൻ എൽ മഞ്ഞളി ഫ്രഡി ഫ്രാൻസിസ് ജോർജ് എ വി അക്കര തുടങ്ങിയവർ ഹാജരായി.

ചുമതലയേൽക്കാൻ പോകേ എ.എസ്.പിക്ക് ദാരുണാന്ത്യം

കാസർകോട്: എ.എസ്.പിയായി ചുമതലയേൽക്കാനുള്ള യാത്രയ്ക്കിടെ ജീപ്പ് മറിഞ്ഞ് യുവ ഐ.പി.എസ് ഓഫീസർക്ക് ദാരുണാന്ത്യം. മദ്ധ്യപ്രദേശ് സ്വദേശിയായ പ്രൊബേഷണറി ഓഫീസർ ഹർഷ വർദ്ധനാണ് മരിച്ചത്. ഞായറാഴ്ച രാത്രി കർണാടകയിലെ ഹാസന് സമീപം കിട്ടാനെയിലായിരുന്നു അപകടം.

ഹർഷ വർദ്ധൻ സഞ്ചരിച്ചിരുന്ന പൊലീസിന്റെ ബൊലേറോ ജീപ്പ് ടയർ പൊട്ടിയതിനെ തുടർന്നാണ് നിയന്ത്രണം വിട്ട് മറിഞ്ഞത്. ജീപ്പോടിച്ചിരുന്ന ഹാസൻ പൊലീസ് ക്യാമ്പിലെ കോൺസ്റ്റബിളായ മഞ്ചഗൗഡയ്ക്ക് പരിക്കേറ്റു. ഗുരുതരമായി പരിക്കേറ്റ ഹർഷവർദ്ധനെ ഉടൻ ഹാസനിലെ ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു.

2023 ഐ.പി.എസ് ബാച്ചുകാരനായ ഹർഷവർദ്ധൻ ഇന്നലെ രാവിലെയാണ് ഹാസൻ ജില്ലാ എ.എസ്.പിയായി ചുമതല ഏൽക്കേണ്ടിയിരുന്നത്. മൈസൂരുവിലെ പൊലീസ് അക്കാഡമിയിലെ പരിശീലനത്തിന് ശേഷമാണ് ഹാസനിലേക്ക് പുറപ്പെട്ടത്.

സാന്തോ ഏബിൾ ഫെസ്റ്റ് 2024ന് അമലയിൽ തുടക്കമായി

തൃശൂർ : ഇയാൻ ചാരിറ്റബിൾ ട്രസ്റ്റിന്റെയും ഇയാൻ റീഹാബ് ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ അമല മെഡിക്കൽ കോളേജുമായി സഹകരിച്ചു ലോക ഭിന്ന ശേഷി ദിനത്തോട് അനുബന്ധിച്ചു അമല മെഡിക്കൽ കോളേജിൽ വച്ചു ഭിന്ന ശേഷി കുട്ടികളുടെ ഉത്പന്നങ്ങളും ക്രിസ്തുമസുമായി ബന്ധപ്പെട്ട മറ്റു ഉത്പന്നങ്ങളുടെയും മെഗാ വിപണന ഫെസ്റ്റ് സാന്തോ ഏബിൾ ഫെസ്റ്റ് 2024ന്റെ ഉദ്ഘാടനം അമല മെഡിക്കൽ കോളേജിന്റെ ജോയിന്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരക്കൽ നിർവഹിച്ചു. ഇയാൻ ഇന്സ്ടിട്യൂട്ടിന്റെ ചെയര്മാന് ഡോ. അഭിലാഷ് ജോസഫ് , ഫാ. ജിതിൻ അനികുടിയിൽ ഓ എഫ് എം ക്യാപ്, രേണുക ശശി കുമാർ എന്നിവർ സന്നിഹിതരായിരുന്നു. ഭിന്ന ശേഷി കുട്ടികൾക്കു സ്വയം പര്യാപ്മായി സമൂഹത്തിൽ ജീവിക്കുവാൻ ഉള്ള സദാചര്യങ്ങൾ നൽകുവാനുള്ള ഇയാൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ കാഴ്ചപാടിന്റെ ഭാഗമാണ് സാന്തോ ഏബിൾ ഫെസ്റ്റ്.

പൗരസ്ത്യ കൽദായ സുറിയാനി സഭ സൺഡേ സ്കൂൾ ഡേ ആഘോഷിച്ചു

തൃശ്ശൂർ : പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മതബോധന പ്രസ്ഥാനമായ മാർ അപ്രേം സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ സൺഡേ സ്കൂൾ ഡേ സമുചിതമായി ആഘോഷിച്ചു. കിഴക്കേകോട്ട മാർ യോഹന്നാൻ മാംദ്ദാന പള്ളിയിൽ നിന്ന് ആരംഭിച്ച ബൈബിൾ അടിസ്ഥാനമാക്കി സഭയിലെ വിവിധ ഇടവകകളെ പങ്കെടുപ്പിച്ച് മൽസരാടിസ്ഥാനത്തിൽ ഘോഷയാത്ര മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. തുടർന്ന് മാർത്ത് മറിയം വലിയപള്ളിയിൽ നടന്ന പൊതുസമ്മേളനം സീറോ മലബാർ സഭ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത, സൺഡേ സ്കൂൾ ജന. സെക്രട്ടറി ഫാ. ടിന്റോ ഗതിമോത്തി, കേന്ദ്ര ട്രസ്റ്റി ബോർഡ് ചെയർമാൻ രാജൻ ജോസ് മണ്ണുത്തി, സൺഡേ സ്കൂൾ അസ്സി. ജന. സെക്രട്ടറി റിന്റോ ജോസ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ വച്ച് കുരുവിളച്ചൻ കലാമേള വിജയികൾക്കും, റാലിയിലെയും ടാബ്ലോയിലെയും മത്സരങ്ങളുടെ വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. റാലിയിൽ ഒന്നാം സ്ഥാനം - ചേലക്കോട്ടുക്കര മാർ അപ്രേം പള്ളി, രണ്ടാം സ്ഥാനം - പറവട്ടാനി മാർ അദ്ദായ് ശ്ലീഹ പള്ളി, മൂന്നാം സ്ഥാനം- നല്ലങ്കര മാർ എസ് തപ്പാനോസ് സഹ്ദ പള്ളി എന്നിവരും ടാബ്ലോയിൽ ഒന്നാം സ്ഥാനം-കുരിയച്ചിറ മാർ മാറി ശ്ലീഹ പള്ളി, രണ്ടാംസ്ഥാനം- കിഴക്കേക്കോട്ട മാർ യോഹന്നാൻ മാംദ്ദാന പള്ളി, മൂന്നാം സ്ഥാനം-പറവട്ടാനി മാർ അദ്ദായ് ശ്ലീഹാ പള്ളി എന്നിവരും കരസ്ഥമാക്കി. തദവസരത്തിൽ പുതിയതായി കശ്ശീശ പദവിയിലേക്ക് ഉയർത്തിയ ഫാ. ഫ്രെഡ്ഡി ഡോൺ ഡേവീസ്, ഫാ.അബി ആന്റണി, ഹിവ്പദ് യാക്ന പട്ടം സ്വകരീച്ച ജെയിൻ ജെയിംസ്, അബിൻ ഫ്രാൻസീസ് സാമൂവേൽ,ദിന്ന ശേഷി കാർക്കുള്ള കേരള സംസ്ഥാന സർഗ്ഗാത്മക ബാലിക പുരസ്കാരം നേടിയ സഭാംഗം കുടിയായ കുമാരി ആൻ മൂക്കനെ ആദരിക്കുകയുണ്ടായി. ആയിരകണക്കിന് സഭാ വിശ്വാസികൾ റാലിയിൽ പങ്കെടുത്തു.

ക്ലിന്റ് ചിത്ര രചനാ മത്സരം

തൃശൂർ: ജില്ലാ ശിശു ക്ഷേമ സമിതിയുടെ ക്ലിന്റ് സ്മാരക സംസ്ഥാന ബാല ചിത്ര രചന മത്സരം തൃശൂരിൽ നടക്കും. മോഡൽ ഗേൾസ് ഹൈസ്കൂളിലാണ് മത്സരം.

ഗാനാലാപന മത്സരവും സാംസ്കാരിക സമ്മേളനവും

ഇരിങ്ങാലക്കുട: യുവകലാസാഹിതി ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധ ഗാന രചയിതാവായ വയലാറിന്റ സിനിമ നാടക ഗാനാലാപന മത്സരം സംഘടിപ്പിക്കുന്നു. ഡിസംബർ 23 ആം തിയതി തിങ്കൾ ഉച്ചക്ക് 2 മണിക്ക് ഇരിങ്ങാലക്കുട ടൗൺ ഹാൾ അങ്കണത്തിൽ വെച്ച് നടത്തുന്ന മത്സരം ജൂനിയർ, സീനിയർ വിഭാഗങ്ങൾക്കായി നിജപ്പെടുത്തിയിരിക്കുന്നു. (18 വയസ്സ് വരെയുള്ളവർക്കും 18 വയസ്സിനു മുകളിൽ ഉള്ളവർക്കും). പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ മാസം 20 നു മുൻപ് താഴെ പറയുന്ന ഏതെങ്കിലും നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് മെമെന്റോയും നൽകുന്നതായിരിക്കും.

അന്നേ ദിവസം വൈകുന്നേരം 5.30നു നടത്തുന്ന സാംസ്കാരിക സമ്മേളനത്തിൽ യുവകലാസാഹിതിയുടെ സംസ്ഥാന ജില്ലാ നേതാക്കൾ പങ്കെടുക്കുന്നു. ആ ചടങ്ങിൽ വെച്ച് ഇക്കൊല്ലത്തെ വയലാർ അവാർഡ് കരസ്ഥമാക്കിയപ്രസിദ്ധ സാഹിത്യകാരൻ അശോകൻ ചെരുവിലിനെ ആദരിക്കുന്നു.

ഇരിഞ്ഞാലക്കുടക്കാരനും പ്രശസ്ത ബാലസാഹിത്യകാരനുമായിരുന്ന രാമനാഥൻ മാസ്റ്ററുടെ പേരിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി കഥ /കവിത മത്സരങ്ങളും, പ്രസിദ്ധ ചിത്രകാരനായിരുന്ന വിൻസെന്റ് മാസ്റ്ററുടെ പേരിൽ ഒരു ചിത്ര രചനാമത്സരവും നടത്തുന്നതായിരിക്കും. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഭരണാധികാരികൾക്ക് സാമൂഹ്യ നീതി ബോധം ഉണ്ടാകണം: കരീം പന്നിത്തടം

തൃശൂർ : മനുഷ്യരെല്ലാവരെയും ഒരേ നിലയിൽ കാണാനുള്ള ധർമ്മബോധവും, സാമൂഹ്യ നീതിബോധവും, ഭരണാധികാരികൾക്ക് ഉണ്ടാകണമെന്ന് മുസ്ലീം ലീഗ് ദേശീയ കൗൺസിൽ അംഗം കരീം പന്നിത്തടം അഭിപ്രായപ്പെട്ടു. കേരള സർവീസ് പെൻഷനേഴ്സ് ലീഗ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കളക്ടറേറ്റ് ധർണ്ണയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

കേരള സർവ്വീസ് പെൻഷേഴ്സിന് മെഡിസിപ്പ് നൽകാത്തത് സ സാമൂഹ്യ നീതി ബോധത്തിലേക്ക് ഭരണാധികാരികൾ വരാത്തതുകൊണ്ടാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് പി.എ.സീതി മാസ്റ്റർ അധ്യക്ഷത വഹിച്ചു. മുസ്ലീം ലീഗ് ജില്ലാ പ്രസിഡണ്ട് സി.എ. മുഹമ്മദ് റഷീദ് ഉദ്ഘാടനം ചെയ്തു. കെ.കെ. മുഹമ്മദ്കുട്ടി മാസ്റ്റർ, ടി. മുഹമ്മദ് മാസ്റ്റർ, ടി.കെ.കൊച്ചു ഇബ്രാഹിം, കെ.എം ഉമ്മർ മാസ്റ്റർ മുള്ളൂർക്കര, കെ.എ.സിദ്ദീഖ് മാസ്റ്റർ പൊറ്റ, പി.എ.ഷാഹുൽ ഹമീദ്,ടി.എ.സിദ്ദീഖ്, യൂസഫ് പടിയത്ത്, പി.എ.ഫസീലത്ത് ടീച്ചർ, എം.മുഹമ്മദ് അനീസ്, ടി.കെ. അബ്ദുൽ കരീം മാസ്റ്റർ, സി.പി. അലിയാർ മാസ്റ്റർ,സുൽത്താൻ ബാബു,എം.ഉസ്മാൻ, കെ.ആർ.നസീബുള്ള മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു.

ഡീപ് ടെക് റോബോട്ടിക്സ് സ്റ്റാർട്ട് അപായ സൈൻ എൽആർ 74 കോടി രൂപ സമാഹരിച്ചു

കൊച്ചി: ഇന്ത്യൻ ഡീപ് ടെക് റോബോട്ടിക് സ്റ്റാർട്ട് അപായ സൈബർനെറ്റിക് ലബോറട്ടറി (സൈൻഎൽആർ) സീരീസ് എ ഫണ്ടിങ്ങിലൂടെ 74 കോടി രൂപ (10 ദശലക്ഷം ഡോളർ) സമാഹരിച്ചു. പെവ്സ്റ്റോൺ ആന്റ് അതേറ വെന്റർ പാർട്ട്ണേഴ്സ് വഴി നടത്തിയ ഈ സമാഹരണത്തോടെ ഈ സ്റ്റാർട്ട് അപിലേക്കുള്ള ആകെ നിക്ഷേപം 15.2 ദശലക്ഷം ഡോളറായി ഉയർന്നു. നിലവിലുള്ള നിക്ഷേപകരായ സെപ്ഷൽ ഇൻവെസ്റ്റ്, റെഡ്സ്റ്റാർട്ട് തുടങ്ങിയവരും പുതിയ ധനസമാഹരണത്തിൽ പങ്കാളികളായിട്ടുണ്ട്.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV): 1561/2023

Sahadevan K.U.

-ഹരജിക്കാരൻ

Muhamed Badusha, S/o. Muhamed Basheer, Arakkaveettil House, P.O. Madu, Thottappu, Kadapuram, Orumanayoor

-2-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് മേൽ നമ്പ്രേ കേസ് **23-4-2025** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 26-11-2024

ഹരജിഭാഗം അഡ്വക്കെറ്റ്

ഇ. ബി ഷാജി (ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ

OP(MV): 1568/2020

Rahim @ Abdul Rahi m, S/o. Abdul Khader, House No. 37 D, Puliyankuzhi 1st Street, Keelapallivasal, Kadayanallur Village P.O., 627 759, Sivagiri Taluk, Thirunalveli District, Tamilnadu, presently residing at A.K.P. Junction, Irinjalakuda-680125

-ഹരജിക്കാരൻ

1) Mr. Sijo S/o. Sasikumar, Thonayil House, Pattamali Road, Irinjalakuda-680121, Thrissur District

-1-ാം എതൃകക്ഷി

മേൽ പറഞ്ഞ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കല്പന പത്രത്തിൽ കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിന് ഉത്തരവായി **28-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് നിങ്ങളോ അഡ്വക്കെറ്റോ കോടതി മുമ്പാകെ ഹാജരായി തർക്കം വല്ലതും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി ഉത്തരവുണ്ടാകുവാൻ ഇടയുണ്ടെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 02-12-2024

ഉത്തരവിൻ പ്രകാരം ഹരജിഭാഗം അഡ്വക്കെറ്റ്

നളൻ ടി നാരായണൻ (ഒപ്പ്)

സിവിൽ എക്സൈസ് ഓഫീസർ കായികക്ഷമത പരീക്ഷ ഡിസംബർ 5, 6 തീയതികളിൽ

തൃശ്ശൂർ: ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ (കാറ്റഗറി നം. 307/2023) ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ഡിസംബർ 5, 6 തീയതികളിലായി പാലക്കാട് മുട്ടിക്കുളങ്ങര കെഎപി 2 ബറ്റാലിയൻ പോലീസ് പരേഡ് ഗ്രൗണ്ടിൽ കായികക്ഷമത പരീക്ഷ നടത്തും.

ഉദ്യോഗാർത്ഥികൾ പി.എസ്.സി പ്രൊഫൈലിൽ നിന്നും അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ്